കടലോര സംരക്ഷണം

90 [277] ശ്രീ. സി. കെ. നാണു:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം കേരളത്തിലെ കടലോരം സംരക്ഷിക്കാൻ കടൽ ഭിത്തിക്ക് സാധിക്കുമെന്നുള്ള മത്സ്യത്തൊഴിലാളികളുടെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി കടൽഭിത്തിയും ചില സ്ഥലങ്ങളിൽ പുലിമുട്ടും നിർമ്മിക്കാനും നിലവിലുള്ളത് റിപ്പയർ ചെയ്യാനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ കടൽക്ഷോഭത്തിന്റെ ഭാഗമായി വെള്ളംകേറി തകർന്ന പുഴയോരങ്ങളും ഭിത്തി കെട്ടി സംരക്ഷിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സുനാമി തിരമാലകളുടെ രൂക്ഷമായ ആക്രമണം അനുഭവപ്പെട്ട കൊല്ലം ജില്ലയിലെ ജയന്തി കോളനി, ചെറിയഴീക്കൽ പ്രദേശങ്ങളിലും ആലപ്പുഴ ജില്ലയിലെ തറയിൽക്കടവ്, അന്ധകാരനാഴി, കുത്തിയതോട്, ഒറ്റമശ്ശേരി, ആലപ്പുഴ ജില്ലാ ആശുപത്രിയുടെ വടക്കുഭാഗം എന്നിവിടങ്ങളിലും കടൽഭിത്തി നിർമ്മിക്കുന്നതിനായി 940 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) ഇല്ല.

കടൽഭിത്തി നിർമ്മാണം

91 [278] ശ്രീ. എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ എത്ര കി.മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തി നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) ഇപ്പോൾ പുതുതായി കടൽഭിത്തി നിർമ്മിക്കാൻ അനുമതി നൽകിയിട്ടുള്ള പ്രദേശങ്ങളുടെയും ആ പ്രദേശങ്ങളിലെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കടൽഭിത്തിയുടെ ദൈർഘ്യവും വിശദമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആകെ 22012 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി)

ജില്ല		*നീളം (മീറ്ററിൽ)*
തിരുവനന്തപുരം	..	2250
കൊല്ലം	..	5750
ആലപ്പുഴ	..	5092
തൃശ്ശൂർ	..	300
മലപ്പുറം	..	900
കോഴിക്കോട്	..	2555
കണ്ണൂർ	..	335
കാസർഗോഡ്	..	4830
ആകെ	..	22012

(സി) കൊല്ലം ജില്ല:

1. ആലപ്പാട് പഞ്ചായത്തിൽ ജയന്തി കോളനിയിൽ 380 മീറ്റർ നീളത്തിൽ പൂർണ്ണമായ പുനരുദ്ധാരണം.
2. ആലപ്പാട് പഞ്ചായത്തിൽ ചെറിയഴീക്കലിൽ 120 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം.

ആലപ്പുഴ ജില്ല:

3. അന്ധകാരനാഴിയിൽ കുത്തിയതോടിൽ 1,000 മീറ്റർ നീളത്തിൽ പൂർണ്ണമായ പുനരുദ്ധാരണം.
4. തറയിൽ കടവിൽ 2,000 മീറ്റർ നീളത്തിൽ പൂർണ്ണമായ പുനരുദ്ധാരണം.
5. ഒറ്റമശ്ശേരിയിലെ പട്ടണക്കാടിൽ, 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം.
6. ആലപ്പുഴ ജില്ലാ ആശുപത്രിക്ക് വടക്കുവശം 438 മീറ്റർ നീളത്തിൽ പുനരുദ്ധാരണം.

ഇതിനുപുറമെ ഒറ്റമശ്ശേരിയിൽ 500 മീറ്റർ നീളത്തിലും അർത്തുങ്കലിൽ 1315 മീറ്റർ നീളത്തിലും എറണാകുളം ജില്ലയിലെ ചെല്ലാനം ദ്വീപിൽ 1015 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിക്കാനും വൈപ്പിൻ ദ്വീപിൽ 481 മീറ്റർ പുനരുദ്ധാരണ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly